LAB on 16.12.12 IT SECTION

പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 10 — 10.12.2012 ൽ മറുപടിക്ക്

പൊതുജനപ്രക്ഷോഭങ്ങൾ

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. കെ. ദാസൻ | | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സെക്രട്ടേറിയറ്റിന് മുൻപിൽ പൊതുജനങ്ങളുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുള്ള പ്രക്ഷോഭങ്ങൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ;<br><br>(ബി) ഈ പ്രക്ഷോഭങ്ങളിൽ ഉയർന്ന് വന്നിട്ടുള്ള ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കാമോ ; ഈ ആവശ്യങ്ങൾ പരിഗണിച്ച് അനുകൂല നടപടികൾ സ്വീകരിക്കാനും നയങ്ങൾ തിരുത്താനും തയ്യാറാകുമോ ? | (എ) യും (ബി) യും | വിളപ്പിൽ ശാല സമരസമിതി വിളപ്പിൽശാല മാലിന്യ പ്ലാന്റ് അടച്ച് പൂട്ടണമെന്ന് ആവശ്യപ്പെട്ട് കൊണ്ടും, പരിസ്ഥിതി പ്രവർത്തകർ കൂടംകുളം സമരത്തിന് അനുഭാവം പ്രകടിപ്പിച്ച് ആണവനിലയം അടച്ചുപൂട്ടണമെന്ന് ആവശ്യപ്പെട്ട് കൊണ്ടും ഭാരതീയ തൊഴിലാളി സമസ്ത സമാജം തൊഴിലാളി ദ്രോഹ നടപടികൾ അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് കൊണ്ടും, ദളിത് ക്രിസ്ത്യൻ സർവ്വീസ് ചാരിറ്റബിൾ സൊസൈറ്റി സംവരണം നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും, ദേശീയ സാക്ഷരത പ്രവർത്തക യൂണിയൻ ജോലി സംവരണം ആവശ്യപ്പെട്ടുകൊണ്ടും, ഇന്ത്യൻ നാഷണൽ അംഗൻവാടി എംപ്ലോയീസ് ഫെഡറേഷൻ പെൻഷൻ പദ്ധതി നടപ്പാക്കണം എന്നാവശ്യപ്പെട്ട് കൊണ്ടും, ഏകലവ്യ ആശ്രമം സന്യാസിസംഘം ശബരിമലയിൽ ശബരിക്കായി മാത്രം ക്ഷേത്രം നിർമ്മിക്കണമെന്നാവശ്യപ്പെട്ടുകാണ്ടും പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് എസ്.എഫ്.ഐ. ഡി.വൈ.എഫ്.ഐ., യൂത്ത് കോൺഗ്രസ്, സി.പി.എം., സി.പി.ഐ., എൻ.ജി.ഒ യൂണിയൻ, എൻ.ജി.ഒ അസോസിയേഷൻ, മുസ്ലീം യൂത്ത് ലീഗ്, ജില്ലാ കുക്കിംഗ് ഗ്യാസ് വർക്കേഴ്സ് |

യൂണിയൻ, ബി.എം.എസ്, ബി.ജെ.പി., എഫ്.എസ്.ഇ.ടി.ഒ., എസ്.ഇ.ടി.ഒ. ജില്ല സഹകരണ യൂണിയൻ, കർഷകതൊഴിലാളികൾ, വികലാംഗ അസോസിയേഷൻ, എസ്.ഡി.പി.ഐ, കത്തോലിക്കാ മൂവ്മെന്റ്, ആൾ ഇന്ത്യ മഹിളാ സാസ്കാരിക സംഘടന, വിശ്വകർമ്മ സഭ, ക്ഷീര കർഷക സംഘടന, ധീവര സഭ, ഫെഡറേഷൻ ഓഫ് എസ്.സി/എസ്.ടി, വേളാർ മഹാസഭ തുടങ്ങി ഒട്ടനവധി സംഘടനകൾ സെക്രട്ടേറിയറ്റിനുമുന്നിൽ പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. പൊതുജനത്തിനും സമൂഹത്തിനും ആവശ്യമുള്ളതും പ്രയോജനമുള്ളതുമായ കാര്യങ്ങളിൽ നയപരമായി മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെന്ന് കാണുന്നപക്ഷം നിയമത്തിൽ അധിഷ്ഠിതമായി നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ